**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 38** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പ്രൊജക്ട് സീറോ നടപടികളും വിജിലൻസ് മാന്വലിന്റെ പരിഷ്കരണവും</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. ദീപക് ജോയ് | ശ്രീ. രമേശ് ചെന്നിത്തല |
| ശ്രീ. സി. ആർ. മഹേഷ് | (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി) |
| ശ്രീ. എഫ്. രാജ | |
| ശ്രീ. കെ. ബിനിമോൻ | |

**(എ)** അഴിമതി തടയുന്നതിനും ഭരണനിർവ്വഹണം കുറ്റമറ്റതാക്കുന്നതിനും ആരംഭിച്ച പ്രൊജക്ട് സീറോ പദ്ധതിയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; നാളിതുവരെ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u> അഴിമതി തടയുന്നതിനും ഭരണനിർവ്വഹണം കുറ്റമറ്റതാക്കുന്നതിനും ആരംഭിച്ച "പ്രൊജക്ട് സീറോ" പദ്ധതിയുടെ പ്രധാന സവിശേഷതകൾ ചുവടെ ചേർക്കുന്നു.**

**പ്രധാനമായും പ്രോ-ആക്ടീവ് വിജിലൻസ്, പ്രിവന്റീവ് വിജിലൻസ്, ഡിജിറ്റൽ വിജിലൻസ്, പാർട്ടിസിപ്പേറ്ററിവ് വിജിലൻസ് എന്നീ നാല് മേഖലകളെ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കാൻ ലക്ഷ്യം വയ്ക്കുന്നത്.**

**പ്രോ-ആക്ടീവ് വിജിലൻസിന്റെ ഭാഗമായി അഴിമതി കണ്ടെത്താനും, തടയാനുമായി കൂടുതൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും, സംസ്ഥാനവ്യാപകമായി മിന്നൽ പരിശോധനകൾ നടത്തുകയും, വിജിലൻസ് കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുവാനും VACB-യുടെ അന്വേഷണ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുകയും, ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി "വിജിലൻസ് കേസ് ആൻഡ് എൻക്വയറി മാനേജ്മെന്റ് സിസ്റ്റം (VCEMS)" നടപ്പിലാക്കുവാനും അന്വേഷണങ്ങളിൽ കൂടുതൽ സുതാര്യത, ഉത്തരവാദിത്വം, മേൽനോട്ടം, കാര്യക്ഷമത, കേസുകളുടെ വേഗത്തിലുള്ള തീർപ്പാക്കൽ എന്നിവ മെച്ചപ്പെടുത്തുക എന്നതുമാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം.**

**പ്രിവന്റീവ് വിജിലൻസിന്റെ ഭാഗമായി, അഴിമതി നടന്നതിന് ശേഷം ഇടപെടുന്നതിന് പകരം അഴിമതി നടക്കാതിരിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്താനും, വകുപ്പുതല റിസ്ക് ഓഡിറ്റുകൾ, സർക്കാർ നടപടിക്രമങ്ങൾ ലളിതമാക്കൽ, സുതാര്യമായ പർച്ചേസ് സംവിധാനങ്ങൾ, ഉദ്യോഗസ്ഥരുടെ റൊട്ടേഷൻ-നിരീക്ഷണ സംവിധാനങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ വിശ്വാസ്യത വിലയിരുത്തുന്ന ഇന്റഗ്രിറ്റി ഇൻഡക്സിംഗ് സംവിധാനം എന്നിവ നടപ്പിലാക്കാനും പദ്ധതിയിടുന്നു. ആരോപണവിധേയരായ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ നിലവിൽ സൂക്ഷിക്കുന്ന VACB ഡോസിയർ ലിസ്റ്റ് മറ്റ് വകുപ്പുകളുമായി പങ്കുവെക്കപ്പെടാറില്ല. ഇതിന്റെ ഫലമായി, അത്തരം ഉദ്യോഗസ്ഥർ പലപ്പോഴും സുപ്രധാനവും അതീവ സെൻസിറ്റീവുമായ തസ്തികകളിൽ നിയമിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. ഇതൊഴിവാക്കാൻ സത്യസന്ധതയെയും,ഔദ്യോഗിക**

കൃത്യവിലോപത്തെയും കുറിച്ച് പരാതികളോ സംശയങ്ങളോ നിലനിൽക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി, ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ചശേഷം ഒരു "Agreed List" ഉം "Officers of Doubtful Integrity (ODI)" പട്ടികയും തയ്യാറാക്കി പരിപാലിക്കാനും പദ്ധതിയിടുന്നു.

ഡിജിറ്റൽ വിജിലൻസിന്റെ ഭാഗമായി, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും, നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള പരാതി വിശകലനം, സംശയാസ്പദ ഇടപാടുകളുടെ ഡാറ്റാ അനലിറ്റിക്സ്, റിസ്ക് മാപ്പിംഗ്, ഡിജിറ്റൽ ഡാഷ്ബോർഡുകൾ, ഓട്ടോമേറ്റഡ് മുന്നറിയിപ്പ് സംവിധാനങ്ങൾ തുടങ്ങിയവ ഇതിനായി ഉപയോഗപ്പെടുത്തുകയും, കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിജിറ്റൽ പരാതി സംവിധാനവും, QR കോഡ് അടിസ്ഥാനമാക്കിയ റിപ്പോർട്ടിംഗ്, ഏകീകൃത കേസ് മാനേജ്മെന്റ് സംവിധാനം, റിയൽ ടൈം നിരീക്ഷണം, പ്രത്യേക സൈബർ വിജിലൻസ് യൂണിറ്റ് എന്നിവയും സജ്ജമാക്കുവാനും പദ്ധതിയുണ്ട്.

പാർട്ടിസിപ്പേറ്റീവ് വിജിലൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി, പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് മൊബൈൽ ആപ്പും വെബ് പോർട്ടലും ഉൾപ്പെടുന്ന പരാതി പരിഹാര സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി സിറ്റിസൺ-സെൻട്രിക് കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റം (C3MS) എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോം വികസിപ്പിക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പരാതിക്കാരുടെ സ്വകാര്യതയും, വ്യക്തിഗത വിവരങ്ങളും സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുത്തും. പരാതികളോടൊപ്പം ചിത്രങ്ങൾ, ശബ്ദരേഖകൾ, വീഡിയോകൾ തുടങ്ങിയ അനുബന്ധ തെളിവുകൾ സമർപ്പിക്കാനാകും. പൊതുജനങ്ങളുടെ വിശ്വാസവും, സുതാര്യതയും വർധിപ്പിക്കുന്നതിനായി പരാതി ട്രാക്കിംഗ് സംവിധാനവും, ഫീഡ്ബാക്ക് സംവിധാനവും ഇതിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ, പരാതികളുടെ ആഴത്തിലുള്ള വിശകലനത്തിനായി നിർമ്മിത ബുദ്ധി (AI) സാങ്കേതികവിദ്യ സംയോജിപ്പിക്കുന്നതും ഇതിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിലൂടെ അഴിമതിസാധ്യതകളുടെ ഹീറ്റ് മാപ്പുകൾ തയ്യാറാക്കുകയും അഴിമതി പ്രവർത്തനങ്ങളിൽ സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഇന്റഗ്രിറ്റി റിസ്ക് പ്രൊഫൈൽ സൃഷ്ടിക്കുകയും ചെയ്യാൻ സാധിക്കും.

പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ വെളിപ്പെടുത്താതെ തന്നെ പരാതി നൽകാനുള്ള സംവിധാനവും, വിസിൽ ബ്ലോവർ സംരക്ഷണവും ഇതിൽ ഉറപ്പ് വരുത്തും. സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു കമ്മ്യൂണിറ്റി വിജിലൻസ് ശൃംഖലയും, സോഷ്യൽ മീഡിയ ബോധവത്കരണ കാമ്പയിനുകളും, ക്യാമ്പസുകളിൽ ആന്റി-കറപ്ഷൻ ക്ലബ്ബുകളും, യുവജന പങ്കാളിത്ത പദ്ധതികളും നടപ്പാക്കും. അഴിമതി സംബന്ധമായ വിവരങ്ങൾ പങ്കുവയ്ക്കുന്നവർക്ക് പാരിതോഷികങ്ങളും, സത്യസന്ധതയെ പ്രോത്സാഹിപ്പിക്കുന്നതിനായി "വിജിലൻസ് അവാർഡ്" നൽകുന്നതിനും ഈ പദ്ധതിയുടെ ഭാഗമായി ആലോചിക്കുന്നു. കൈക്കൂലി വാങ്ങുന്നത് ഒരു സാമൂഹിക അപമാനമാണെന്ന മൂല്യബോധം സർക്കാർ ഉദ്യോഗസ്ഥരിൽ ഉണ്ടാക്കിയെടുക്കുന്നതിനും, ഉദ്യോഗസ്ഥരിൽ അഭിമാനബോധം വളർത്തുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്.

"പ്രോജക്റ്റ് സീറോ " അഴിമതിക്കെതിരെയുള്ള ഒരു പദ്ധതി മാത്രമല്ല, അഴിമതിക്കെതിരായ ഒരു സാമൂഹിക മുന്നേറ്റമാണെന്നും, സർക്കാർ സംവിധാനങ്ങളും പൊതുജനങ്ങളും കൈകോർക്കുമ്പോൾ മാത്രമേ അഴിമതിരഹിത കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാകുകയുള്ളൂ.

പ്രോജകറ്റ് സീറോ പദ്ധതി ആരംഭിച്ചതിന് ശേഷം നാളിതുവരെ 3ട്രാപ്പ് കേസുകൾ ഉൾപ്പെടെ 8 വിജിലൻസ് കേസുകളിലായി 15 ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയുടെ ഭാഗമായി 68 ഇടങ്ങളിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

**(ബി)** നിലവിലുള്ള വിജിലൻസ് മാന്വലിന്റെ പോരായ്മകൾ പരിശോധിച്ചിട്ടുണ്ടോ; വിജിലൻസ് മാന്വൽ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u> അഴിമതി നിരോധന നിയമത്തിലെ 2018 – ലെ ഭേദഗതിയുടെയും 2024 – ൽ പ്രാബല്യത്തിൽ വന്ന BNS, BNSS എന്നിവയുടെയും മറ്റ് കാലാനുസൃതമായ മാറ്റങ്ങളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള വിജിലൻസ് മാന്വൽ പരിശോധിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.**

**(സി)** കൈക്കൂലിയും അഴിമതിയും സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സമർപ്പിക്കുന്നതിന് നൂതനമാർഗ്ഗങ്ങൾ ആവിഷ്കരിക്കുമോ; അഴിമതി തടയുന്നതിന് നൂതനസാങ്കേതിക വിദ്യകളെ ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u> അഴിമതിക്കാരായ ഉദ്യോഗസ്ഥർ കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്നപക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ സർക്കാർ ഓഫീസുകളും കേന്ദ്രീകരിച്ച്**

**വിവരദാതാക്കളുടെ ഒരു ശൃംഖല തന്നെ വിജിലൻസ് ഒരുക്കിയിട്ടുണ്ട്. കൂടാതെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ തുടർച്ചയായി നിരീക്ഷിക്കുകയും കൈക്കൂലി**

**ആവശ്യപ്പെടുന്നവർക്കെതിരെ പരാതി നൽകാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.**

**അഴിമതി നടത്തുന്നവരെ കൈയ്യോടെ പിടിക്കുന്നതിലേക്കായി ട്രാപ്പ് കേസുകൾ കൂടുതലായി രജിസ്റ്റർ ചെയ്ത് വരുകയും ആയതിലൂടെ അഴിമതി തടയുന്നതിലേക്ക് കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അഴിമതി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുന്നതിലേക്കായി 1064 എന്ന ടോൾ-ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ അഴിമതി സംബന്ധമായ വിവരങ്ങൾ 9447789100 എന്ന നമ്പരിൽ വാട്ട്സാപ്പായി സ്വീകരിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ -മെയിലായും, 8592900900 എന്ന നമ്പരിലും വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.**

**"പ്രോജക്റ്റ് സീറോ" പദ്ധതിയോടനുബന്ധിച്ച ഡിജിറ്റൽ വിജിലൻസിന്റെ ഭാഗമായി, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും, നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള പരാതി വിശകലനം, സംശയാസ്പദ ഇടപാടുകളുടെ ഡാറ്റാ അനലിറ്റിക്സ്, റിസ്ക് മാപ്പിംഗ്, ഡിജിറ്റൽ ഡാഷ്ബോർഡുകൾ, ഓട്ടോമേറ്റഡ് മുന്നറിയിപ്പ് സംവിധാനങ്ങൾ തുടങ്ങിയവ ഇതിനായി ഉപയോഗപ്പെടുത്തുകയും, കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിജിറ്റൽ പരാതി സംവിധാനവും, QRകോഡ് അടിസ്ഥാനമാക്കിയ റിപ്പോർട്ടിംഗ്, ഏകീകൃത കേസ് മാനേജ്മെന്റ് സംവിധാനം, റിയൽ ടൈം നിരീക്ഷണം, പ്രത്യേക സൈബർ വിജിലൻസ് യൂണിറ്റ് എന്നിവയും സജ്ജമാക്കും.**

**പാർട്ടിസിപ്പേറ്റീവ് വിജിലൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി, പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് മൊബൈൽ ആപ്പും വെബ് പോർട്ടലും ഉൾപ്പെടുന്ന പരാതി പരിഹാര സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി സിറ്റിസൺ-സെൻട്രിക് കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റം (C3MS) എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോം വികസിപ്പിക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പരാതിക്കാരുടെ സ്വകാര്യതയും, വ്യക്തിഗത വിവരങ്ങളും സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുത്തും. പരാതികളോടൊപ്പം ചിത്രങ്ങൾ, ശബ്ദരേഖകൾ,**

വീഡിയോകൾ തുടങ്ങിയ അനുബന്ധ തെളിവുകൾ സമർപ്പിക്കാനാകും. പൊതുജനങ്ങളുടെ വിശ്വാസവും, സുതാര്യതയും വർധിപ്പിക്കുന്നതിനായി പരാതി-ട്രാക്കിംഗ് സംവിധാനവും, ഫീഡ്ബാക്ക് സംവിധാനവും ഇതിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ, പരാതികളുടെ ആഴത്തിലുള്ള വിശകലനത്തിനായി നിർമ്മിത ബുദ്ധി (AI) സാങ്കേതികവിദ്യ സംയോജിപ്പിക്കുന്നതും ഇതിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിലൂടെ അഴിമതി സാധ്യതകളുടെ ഹീറ്റ് മാപ്പുകൾ തയ്യാറാക്കുകയും അഴിമതിപ്രവർത്തനങ്ങളിൽ സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഇന്റഗ്രിറ്റി റിസ്ക് പ്രൊഫൈൽ സൃഷ്ടിക്കുകയും ചെയ്യാൻ സാധിക്കും.

പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ വെളിപ്പെടുത്താതെ തന്നെ പരാതി നൽകാനുള്ള സംവിധാനവും, വിസിൽ ബ്ലോവർ സംരക്ഷണവും ഇതിൽ ഉറപ്പ് വരുത്തും. സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു കമ്മ്യൂണിറ്റി വിജിലൻസ് ശൃംഖലയും, സോഷ്യൽ മീഡിയ ബോധവത്കരണ കാമ്പയിനുകളും, ക്യാമ്പസുകളിൽ ആന്റി-കറപ്ഷൻ ക്ലബ്ബുകളും, യുവജന പങ്കാളിത്ത പദ്ധതികളും നടപ്പാക്കും. അഴിമതി സംബന്ധമായ വിവരങ്ങൾ പങ്കുവയ്ക്കുന്നവർക്ക് പാരിതോഷികങ്ങളും, സത്യസന്ധതയെപ്രോത്സാഹിപ്പിക്കുന്നതിനായി "വിജിലൻസ് അവാർഡ്" നൽകുന്നതിനും ഈ പദ്ധതിയുടെ ഭാഗമായി ആലോചിക്കുന്നു. കൈക്കൂലി വാങ്ങുന്നത് ഒരു സാമൂഹിക അപമാനമാണെന്ന മൂല്യബോധം സർക്കാർ ഉദ്യോഗസ്ഥരിൽ ഉണ്ടാക്കിയെടുക്കുന്നതിനും, ഉദ്യോഗസ്ഥരിൽ അഭിമാനബോധം വളർത്തുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്.

സെക്ഷൻ ഓഫീസർ